**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ബസ്റ്റാൻഡ് ഭൂമിയിൽ മേലുള്ള എൽ എ ആർ കേസ് - എൽ എ ആർ 01/04- പുതുക്കിയ വിധിന്യായ പ്രകാരം തുക ഒടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2732/2019/ത.സ്വ.ഭ.വ**
**തിരുവനന്തപുരം, തീയതി, 02/12/2019**

---

പരാമർശം:-1..പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7.8.2019ലെ എ1-5432/2019 നമ്പർ കത്ത്.

2.പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18/09/2019 ലെ A1-5432/19 നമ്പർ

കത്ത്.

3.പഞ്ചായത്ത് ഡയറക്ടറുടെ 1/10/2019ലെ PAN/11603/2019-G1(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിളിമാനൂർ പ്രൈവറ്റ് ബസ്സ്റ്റാന്റിന്റെ ലാൻഡ് അക്വയർ ചെയ്യതുമായി ബന്ധപ്പെട്ട് എൽ എ ആർ 01/04- നമ്പർ കേസിൽ ബഹു കേരള ഹൈക്കോടതിയുടെ 19.12.2011 തീയതിയിലെ എൽ എ എ 618/ 2011 നമ്പർ വിധിന്യായത്തിന് വിധേയമായി ബഹു തിരുവനന്തപുരം ജില്ലാ അഡീഷണൽ (എൽഎ) യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കിയ കാൽക്കുലേഷൻ പ്രകാരം 9,27,243/- രൂപ തിരുവനന്തപുരം ജില്ലാ അഡീഷണൽ യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ മുൻപാകെ കെട്ടി വയ്ക്കണമെന്ന് നിർദേശിച്ചിരുന്നു . ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ടി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം 1,2 കത്തുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് എന്നിവർ അഭ്യർത്ഥിച്ചിരിക്കുന്നു. പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശിപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ എ ആർ 01/04 നമ്പർ കേസിൽ ബഹു ഹൈക്കോടതിയുടെ 19.12.2011 തീയതിയിലെ എൽ എ എ 618/ 2011 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ അഡീഷണൽ യൂണിറ്റ് സ്പെഷ്യൽ തഹസിൽദാർ മുൻപാകെ കെട്ടി വയ്ക്കുന്നതിനാവശ്യമായ തുകയായ 9,27,243/-രൂപ (ഒൻപതു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുനൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം ) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ് , പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remesha

സെക്ഷൻ ഓഫീസർ